***പ്രാർത്ഥന കർത്താവുമായുള്ള സംസർഗ്ഗമാണ്. പ്രാർത്ഥനയാണ് നമ്മുടെ ആത്മീയ ജീവിതത്തിന്റെ മാറ്റ് കൂട്ടുന്നത്. നമ്മൾ സാക്ഷിക്കുമ്പോഴും മറ്റുള്ളവരുമായി ഇടപെടുമ്പോഴും ദൈവത്തിന്റെ സ്പർശം ലഭിക്കുന്നിതിനുള്ള താക്കോലാണ് പ്രാർത്ഥന. അതുകൊണ്ടാണ് പരിശുദ്ധനായ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ പ്രാർത്ഥനയെ സ്വർഗ്ഗരാജ്യത്തിന്റെ 'താക്കോൽ എന്ന് വിശേഷിപ്പിച്ചത്.' പരിശുദ്ധ സുറിയാനി സഭ നിത്യപ്രാർത്ഥനകളെ ഏഴു യാമങ്ങളായി ചിത്രീകരിച്ചിരിക്കുന്നു.***

| | | |
|---|---|---|
| സന്ധ്യാപ്രാർത്ഥന | - | ഭൂമിയിലെ അദ്ധ്വാനത്തിന്റേത്. |
| സൂത്താറ | - | വിത്ത് വിതയ്ക്കുന്നതുമയി ബന്ധപ്പെട്ട് |
| രാത്രി (നാലുയാമങ്ങൾ) | - | വിത്തിന്റെ സംരക്ഷണത്തിനു വേണ്ടി |
| ഒന്നാം കൗമാ | - | കളകളിൽ നിന്നുള്ള സംരക്ഷണം |
| രണ്ടാം കൗമാ | - | മുൾച്ചെടികളിൽ നിന്നുള്ള സംരക്ഷണം |
| മൂന്നാം കൗമാ | - | മുള്ളുകളിൽ നിന്നുള്ള സംരക്ഷണം |
| നാലാം കൗമാ | - | മുൾപ്പടർപ്പുകളിൽ നിന്നുള്ള സംരക്ഷണം |
| മൂന്നാം മണി | - | കതിരിന്റേത് |
| ആറാം മണി | - | വിളവ് കളപ്പുരയിൽ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് |
| ഒമ്പതാം മണി | - | വിളവിന്റെ ആദ്യഫലത്തിൽ നിന്നുള്ള ദാനധർമ്മം |

## ഏഴു യാമങ്ങളെ കർത്താവിന്റെ കഷ്ടാനുഭവങ്ങളുടെ ഏഴു ഘട്ടങ്ങളായി ബന്ധപ്പെടുത്തി പറയാറുണ്ട്

| | |
|---|---|
| രാത്രി | - ഗത്സമനെ തോട്ടത്തിൽ വച്ച് യേശുവിനെ ബന്ധിച്ച് മഹാ പുരോഹിതന്മാരുടെ അരമനയിലേയ്ക്ക് കൊണ്ടുപോയത് രാത്രിയിലാണ്. |
| പ്രഭാതം | - മഹാപുരോഹിതരുടെ മുമ്പിലും പിന്നീട് പീലാത്തോസിന്റെ മുമ്പിലും വിസ്തരിക്കപ്പെട്ടു. |
| മൂന്നാം മണി | - പീലാത്തോസ് യേശുവിനെ മരണശിഷയ്ക്ക് വിധിച്ചു. അവർ യേശുവിനെ ക്രൂശിച്ചു. |
| ആറാം മണി | - കർത്താവ് കുരിശിൽ കിടന്ന് വ്യഥ അനുഭവിച്ചു. സൂര്യൻ ഇരുണ്ടുപോയി. |
| ഒമ്പതാം മണി | - കർത്താവ് പ്രാണനെവിട്ടു |
| സന്ധ്യാ | - യൗസേപ്പും നിക്കോദിമോസുംകൂടി കർത്താവിനെ കുരിശിൽ നിന്ന് ഇറക്കി. |
| സൂത്താറ | - കർത്താവിനെ പുതിയ കല്ലറയിൽ സംസ്കരിച്ചു. |

പ്രാർത്ഥനയിലൂടെ അല്ലാതെ പൈശാചിക ശക്തികളെ തകർക്കുവാൻ സാധ്യമല്ല എന്ന് (മർക്കോസ് 9:27) ക്രിസ്തുമൊഴിയുടെ അടിസ്ഥാനത്തിൽ ജീവിതത്തെ സമർപ്പിച്ചതിനാലാണ് പിതാക്കന്മാർ ഇപ്രകാരം യാമ പ്രാർത്ഥനകൾ ക്രമീകരിച്ചത്. പ്രത്യേകിച്ച് വലിയനോമ്പിന്റെ അവസാനനാളുകൾ നാം എല്ലാവരും പ്രാർത്ഥനയ്ക്കായി ഒരുപാടുസമയം ദേവാലയങ്ങളിലും, ഭവനങ്ങളിലും ചിലവഴിക്കാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിനായി ക്രമീകരിക്കപ്പെട്ടിട്ടുള്ള ഈ പുസ്തകത്തിലൂടെ ആരാധനയിൽ സജീവമായ പങ്കാളിത്തം ഉണ്ടാകട്ടെ എന്ന് ആത്മാർത്ഥായി ആശംസിക്കുന്നു.

പ്രാർത്ഥനാപൂർവ്വം,

വികാരി അഭിലാഷച്ചൻ

# ഉള്ളടക്കം

കഷ്ടാനുഭവ ആഴ്ചയിലെ
നമസ്ക്കാര ക്രമങ്ങൾ


* ഊശാന
* പെസഹാ വ്യാഴം
* ദുഃഖവെള്ളി
* ദുഃഖശനി
* ഉയിർപ്പ് പെരുന്നാൾ

# യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ
# ഊശാന, പെസഹാ വ്യാഴം
# ദുഃഖവെള്ളി, ദുഃഖശനി
# ഉയിർപ്പ് പെരുന്നാൾ ക്രമങ്ങൾ

**MORTHSMOONI JACOBITE SYRIAC ORTHODOX CHURCH**

**GHALA, MUSCAT**

**SULTANATE OF OMAN**


പ്രസിദ്ധീകരണം- മാർച്ച് 2019

ക്രമീകരണം : ഫാ. അഭിലാഷ് വലിയവീട്ടിൽ

കോപ്പികൾ : 500

# ഊശാന ശുശ്രൂഷാ ഗീതങ്ങൾ

## പ്രദക്ഷിണ സമയത്ത് ചൊല്ലുവാനുള്ള ഗീതം

## (സുഗീസൊ- മൻദേൻ അസ്ക്കൻ)

യെറുശലേമിലെ വന്മലമേ -
ലോരുകിലെന്നേയാരേറ്റി.

വരവാഹനനായ് പുരിപൂകും
പരസുതനേ ഞാൻ കാണുന്നു

നിബിയന്മാരുടെ തിരുനിവഹം
നടകൊള്ളുന്നു പുരോഭൂവിൽ

ശ്ലീഹന്മാരുടെ ദിവ്യഗണം
പിന്നണി ചേർന്നു വരുന്നല്ലോ

സൈത്തിൻ കൊമ്പുകളേന്തിയിതാ
പിഞ്ചുകിടാങ്ങൾ പാടുന്നു

ഭൂസ്വർഗ്ഗങ്ങളിലൂശാന!
ദാവീദാത്മജനൂശാന!

വന്നവനും വരുവോനുമഹോ
ധന്യൻ നിഖിലേശാ! സ്തോത്രം

## കുരുത്തോല വാഴ്വ് പ്രാർത്ഥന

### 51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപപോലെ എന്നോടു കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വംപോലെ എന്റെ പാപങ്ങൾ മായിച്ചുകളയേണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി, എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു, എന്റെ പാപങ്ങളും എപ്പോഴും എനിക്കു വിരോധമായിരിക്കുന്നു.

നിന്നോട് ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമെ. ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും, എന്റെ പാപങ്ങളിൽ നിന്നു നിന്റെ തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിക്കണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കുകയുമരുതേ.

എന്നാലോ നിന്റെ അനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴിപഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമ ബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ. അപ്പോൾ നീതി ബലികളിലും ഹോമ ബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാളകൾ (ബലിയായി) കരേറും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

**ഏമൊദ്കീസോ- ഹൗ ദബ്സൗക്ക**

ഒലിവീന്തൽ -തലകളെടുത്തൂശാ-നാ
ശിശൂബാലൻ-മാർ പാടി കീർത്തി-ച്ചോൻ
ദേവാ! ദയ ചെയ്തീടണമെ

ക്രൂബഗണം- ഭ്രമമൊടു പേറീ-ടുമ്പോൾ
ഗർദ്ദഭമേ-റിട്ടേറുശലേമാ-ർന്നോൻ ദേവാ!.....
യേറുശലേം-പുരി പൂകിടുന്നേ-രം
മധുരാരാ-വം ശിശുഗണമർപ്പിച്ചോൻ - ദേവാ...
ഗിരിസൈത്തിൽ- നിന്നേറുശലേമോ-ളം
ശിശുബാലൻ-മാരോശാന പാ-ടിയ - ദേവാ....

ബാറെക്മോർ - ശുബ്ഹോ......മെന് ഓലം.....

വിനയത്താൽ -രക്ഷയെ നൽകിയ സൂ-നോ!
യുവശിശുവൃ-ദ്ധന്മാർ സ്തുതിചെയ്വോ-നേ! ദേവാ.....

**(കുക്കിലിയോൻ)**

ഈശാനാഥാ! പാരെങ്ങും തിരുനാമം മഹനീയം ഹാലേ..
നിന്മഹിമാവിനെ ഗഗനതലത്തി-ന്നരുളീ നീ
നീ ബാലകയുവവദനത്തിലൊരുക്കീ നിൻ സ്തുതിയെ
ഹാലേ... വൈരികളാമെതിരാ-ളികൾ മായും
ബാറെക്മോർ - ശുബ്ഹോ-മെന് ഓലം......

(അൽ തൂറോ)

ശ്ലോമ്മോസീയോനോടറിയിക്കുന്നോനെ! യെരുശലേമിൻ
ശമദാതാവേ! ഉന്നത പർവ്വതമേറിപ്പൂകുക മേന്മ - നാദമു
യർത്തി
ക്കെൽപ്പോടവളോടുൽഘോഷിക്ക പ്രോക്തം നിന്നപദാനം
മഹനീയം - നീ ദൈവത്തിൻ പത്തനമല്ലോ -
ഇസ്രായേലിന് ശമനവു-മന്യജനത്തിൻ
തനയയ്ക്കനിശം ശാന്തിയതും രക്ഷയുമുദയം ചെയ്യട്ടെ.

**പ്രാർത്ഥന**

(കുക്കിലിയോൻ)

വാഴ്ത്തുക കർത്തനെ യേറുശലേമേ! ഹാലേലുയ്യാ
വാഴ്ത്തുക സീയോനേ! നിൻ ദൈവത്തെ
ബാറെക്മോർ - ശുബ്ഹോ മെന് ഓലം........

(ഹ്ദോയ്തോബ്)

യേറുശലേമേ! പരമാനന്ദത്തോടാഹ്ലാദിക്ക-സീയോൻ തൻ പ്രിയരേ! സതതം മോദമൊടാഘോഷിക്ക- സർവ്വജനത്തെയുമാളും മശിഹാ സേനാധീശൻ- വൈരിമദംധ്വംസിപ്പാൻ ഗർദ്ദഭവാഹനനായെഴുന്നള്ളുന്നു- കർത്താവിൻ സൃഷ്ടികളെ! ദേവാധീശനെ വാഴ്ത്തിൻ നിത്യം- വാഴ്ത്തി സ്തോത്രം ചെയ്യുവിനെന്നേവം തൻ പേർക്കായ് നാമാർത്തീടുന്നു.

സ്തെമെൻകാലോസ്.... കുറിയേ..

**പ്രൊമിയോൻ - സെദറാ**

**(കൂക്കോയൊ- ഒമറിൻ സോബേ)**

യെറുശലേമേറുന്നോനെ - യേൽപ്പാൻ ബാലകരേ!
കല്ലുകളേന്തിച്ചെല്ലുവിനെ - ന്നോതീവൃദ്ധന്മാർ

കല്ലുകൾ പേറീ - ച്ചെന്നൂപൈതങ്ങൾ
ഗിരിസൈത്തിന്മേ - ലവനെ കണ്ടപ്പോൾ

കല്ലുകൾ കൈവിട്ടൊലിവിൻ കൊ - മ്പേന്തീട്ടിസ്രായേൽ
നൃപതേ! ശാന്തി സ്വാഗതമെ - ന്നുച്ചത്തിൽ പാടി

ഹാലേലുയ്യാ നിൻ വരവതിധന്യം

യേരുശലേമവനാർന്നപ്പോൾ - ദിവ്യാത്മീയമതാം
വിമല സ്തുതിയാൽ വിമലസഭ - നൽകി സ്വീകരണം

സ്വാഗതമവന - ങ്ങേകാൻ കരതാരിൽ
ചില്ലികളേന്തും - പൈതങ്ങളെ വിട്ടാൾ

സ്തുതിഘോഷത്താലവരേവം - പാടി തിരുമുമ്പിൽ
ദാവീദാത്മജന്നൂശാന - രക്ഷാദാതാവേ!
ഹാലേലുയ്യാ തിരുനാമം ധന്യം
ബാറെക്മോർ - ശുബ്ഹോ.....

സഭഘോഷിക്കുന്നിവനല്ലോ - വാനിൽ മണവാളൻ
ദാവീദുസുതൻ ദാവീദിൻ - നാഥൻ നിന്ദിതമാം

മൃഗമേറുന്നൂ - തിരുമുമ്പിൽ നിബിയർ
നടകൊള്ളുന്നു - ശിഷ്യഗണം പിമ്പേ

പിഞ്ചുകിടാങ്ങൾ സൈത്തിൻകൊ - മ്പേന്തിക്കൊണ്ടാർത്തു
ദാവീദാത്മജന്നൂശാന - ധന്യൻ രക്ഷകനെ
ഹാലേലുയ്യാ വാനതിലൂശാന. മെനഗാലം...........

യീഹൂദ്യായിൽ കർത്താവിൻ - കാലത്തുണ്ടായോ -
രാശ്ചര്യം മഹനീയം താൻ - ശിഷ്യന്മാരൊത്ത്

മഹിമാവിൻ തേ - രുള്ളോൻ സീനായെ
വിറകൊള്ളിച്ചോൻ - പെരുന്നാൾ കൊണ്ടാടാൻ

ഗർദ്ദഭമേറീട്ടേറുശലേം - നഗരം പൂകുമ്പോൾ
കൈപ്പിള്ളകളൂശാനകളാൽ - പാടിക്കീർത്തിച്ചു
ഹാലേലുയ്യാ വാനതിലൂശാനാ മൊറിയോ.....

## എത്രോ
## (മോർ യാക്കോബിന്റെ ബോവൂസോ)

ഉണ്ണികളാർത്തു നാഥൻ ശുദ്ധൻ ശുദ്ധൻ ശുദ്ധൻ
ഗർദ്ദഭമേറീട്ടേറുശലേമേറുന്നോൻ ശുദ്ധൻ
പാടിൻ പാടിൻ പാടിൻ സ്തോത്രം ദൈവസുതന്നായ്

എന്തിനു മാന്ദ്യം തൻ സ്തുതി പാടാൻ നീ നിർദ്ദിഷ്ടൻ
നാഥന്നേറ്റം പ്രിയമാം വിനയം പൂണ്ടുചരിപ്പാൻ
ഈ ലോകത്തിൽ തന്നുടെ മാർഗ്ഗം സംസ്ഥാപിച്ചാൻ
ശ്രേഷ്ഠന്മാർ തൻ വാഹനമേൽക്കാതതി വിനയത്താൽ
അന്യ ജനത്തെ ദർശിപ്പാനായ് ഗർദ്ദഭമേറി
എബ്രായന്മാർ വരുമരചൻ തൻ വിനയം ദർശി -
ച്ചൂശാനപ്പാട്ടാർത്തിടുവാനായ് കൊമ്പുകളേന്തി
വൃദ്ധന്മാരാ വിഹിതസ്തുതിയിൽ നീരസമാണ്ടു
ആശ്ചര്യത്തോടൂശാനയ്ക്കായ് ബാലകരാഞ്ഞു
വൃദ്ധന്മാർതൻ കടഭാരത്തെ വീട്ടിയുവാക്കൾ
യോഗ്യമതാകും സ്തുതിയവിടേവം സംഭൃതമായി
ആഗതനീശൻ വാഴ്‌വുടയോനെന്നുത്തരമാർത്തി
വൻ സ്തുതിയാലായെഴുന്നള്ളത്തിൻ പാതമുഴങ്ങി
താതൻ സ്തുത്യൻ നര - രക്ഷയ്ക്കായ് സുതനെ വിട്ടോൻ
സീയോൻ തെരുവിൽ മൃഗമാരൂഢൻ പുത്രൻ വന്ദ്യൻ
വന്ദ്യൻ പുത്രന്നുച്ചരവത്തിൽ സ്തോത്രം പാടാൻ
ബാലൻമാരെ പ്രേരിപ്പിച്ചോൻ റൂഹാ സ്തുത്യൻ
മുമ്പിൽ നിബിയർ പിമ്പിൽ ശ്ലീഹർ ബാലന്മാരും
ഊശാനപ്പാട്ടുൽഘോഷിച്ചങ്ങവനെവാഴ്ത്തി
നാഥൻ ദൈവം നിന്ദ്യമൃഗത്തെ വാഹനമാക്കി
സ്കറിയായേ! നിൻ മൊഴി നിറവേറി, സ്തുതിഘോഷിക്ക

(സൂമ്മൊറൊ)

ധന്യൻ! കർത്താവിൻ തിരുനാമത്തിൽ
വന്നോനെന്നേവം - സീയോൻ തെരുവിൽ
കുട്ടികളുദ്ഘോഷിച്ചു.

(വായനകൾ)

ഏശായ 51:9–11 സഖറിയ 9:9–12

1 യോഹ 2:7–17 റോമർ 11:13–24

**(ഏവൻഗേലിയോനു മുമ്പ് പെത്ഗൊമൊ)**

ഹാലേ...ഉഹാലേ......എന്നെന്നും ഞാൻ ദേവഗാരത്തിൽ
മേന്മയെഴും സൈത്തിന്നൊത്തോനാം....ഹാലേ...

**(ഏവൻഗേലിയോൻ)**

**വി. മർക്കോസ് 11:1-11**

**(ഏവൻഗേലിയോന്റെ മദ്ധ്യത്തിൽ)**

ഊശാനാ -ധന്യൻ കർത്താവിൻ നാമ-
ത്തിൽ വരുവോൻ-ധന്യൻ കർത്താവിൻ
തിരുനാമത്തിൽ വന്നീടും -പിതൃദാ-
വീദിൻ രാജ്യം- വാനിൽ ശാന്തി!
സ്തുതി സ്വർഗ്ഗത്തിൽ ! -സ്വർഗ്ഗങ്ങളിലൂശാന!

**സ്ലീബായാഘോഷം**

(ഹൗദ് മാലാഖെ ചൊല്ലുമ്പോൾ ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ എന്ന സ്ഥാനത്ത്........... പാപികളായ ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദാവീദിന്റെ പുത്രന് ഊശാനാ. ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ. എന്നു ചൊല്ലണം)

************